**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4969** **20-03-2025 - ൽ മറുപടിയ്ക്ക്**

**സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | സ്വന്തമായി സ്ഥലമില്ലാത്ത സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുന്ന മുറക്ക് ആയത് പരിശോധിച്ച് യഥാസമയം നടപടികൾ സ്വീകരിക്കാറുണ്ട്. അടുത്ത കാലത്തായി തിരുവനന്തപുരം കുളത്തുമ്മൽ GHS, പ്ലാവൂർ GHS എന്നീ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സ്വന്തമായി സ്ഥലമില്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ പനമ്പുകാട് ഗവ. ഫിഷറീസ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിനായി 15.10.2023-ന് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | സ്വന്തമായി സ്ഥലമില്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ പനമ്പുകാട് ഗവ. ഫിഷറീസ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ 17.03.2025 ന് ലഭ്യമാക്കിയ പ്രൊപ്പോസൽ എം1/89/2025പൊ.വി.വ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. |
| (സി) | മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് സ്കൂൾ പി.റ്റി.എ. മുഖാന്തരം വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചതും ഇ/7725970/എം.ഐ.എൻ/ഇ.ഡി.എൻ. നമ്പർ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ചെയ്ത നിവേദനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | സ്വന്തമായി സ്ഥലമില്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ പനമ്പുകാട് ഗവ. ഫിഷറീസ് എൽ.പി. സ്കൂളിന് സ്ഥലം വാങ്ങുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ 17.03.2025 ന് ലഭ്യമാക്കിയ പ്രൊപ്പോസൽ എം1/89/2025പൊ.വി.വ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ